**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 68** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. കാരായി രാജൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ

(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി മുൻ സർക്കാർ നടപ്പിലാക്കിയ പദ്ധതികളും തന്മൂലം കൈവരിച്ച നേട്ടങ്ങളും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മത്സ്യ സമ്പത്ത് സംരക്ഷിയ്ക്കുന്നതിനും മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും വേണ്ടി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. KMFR Act കാലോചിതമായി ഭേദഗതി വരുത്തുകയും KMFR Rules രൂപീകരിച്ച് ഉത്തരവാകുകയും ആയത് മത്സ്യമേഖലയിൽ നടപടിലാക്കുകയും ചെയ്യുതുവഴി അനധികൃതവും അശാസ്ത്രീയവുമായ മത്സ്യബന്ധനം നിയന്ത്രിയ്ക്കാൻ സാധിക്കുകയും മത്സ്യസമ്പത്തിന്റെ സുസ്ഥിരത നിലനിർത്താനും സാധിച്ചിട്ടുണ്ട്. കടൽമത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വകുപ്പ് നേരിട്ട് നടപ്പിലാക്കിയിരുന്ന പദ്ധതികൾ

1. സമുദ്ര മത്സ്യവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും പദ്ധതി (Conservation and Management of Marine Fisheries)

2. കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിലൂടെ കേരള സംസ്ഥാനത്തിന്റെ സുസ്ഥിര മത്സ്യബന്ധന വികസവും ഉപജീവന മാർഗ്ഗം പ്രോത്സാഹിപ്പിക്കലും പദ്ധതി

3. സീറാഞ്ചിംഗ് പദ്ധതി (കൃത്രിമ പാരുകളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നത്)

4. മത്സ്യത്തൊഴിലാളികൾക്ക് സ്ക്വയർമെഷ് കോഡ്എൻഡ് നൽകുന്ന പദ്ധതി

5. സീ കേജ് പദ്ധതി

ഉൾനാടൻ മത്സ്യസമ്പത്തിന്റെ വർദ്ധനവിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി Integrated Fishery Resource Management in Inland Aquatic Ecosystem, കേരള ഇൻലാൻഡ് ഫിഷറീസ് ആന്റ് അക്വാകൾച്ചർ ആക്ടിന്റെ നടപ്പാക്കൽ, ഉൾനാടൻ പട്രോളിംഗ് ശക്തമാക്കൽ, കണ്ടൽ വനവൽക്കരണം, കക്ക/മത്സ്യ സംരക്ഷിത പ്രദേശങ്ങൾ സ്ഥാപിക്കൽ, KRFDP എന്നിവ നടപ്പിലാക്കിയതിലൂടെ 2020-21 വർഷം 224495 മെട്രിക് ടണ്ണായിരുന്ന ഉൾനാടൻ മത്സ്യബന്ധനത്തിലൂടെയുള്ള മത്സ്യോല്പാദനം 2025-26 വർഷം 268544 മെട്രിക് ടണ്ണായി ഉയർന്നിട്ടുണ്ട്. കൂടാതെ മത്സ്യകൃഷിയിലൂടെ മത്സ്യോല്പാദനം

വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാരിന്റെ ജനകീയ മത്സ്യകൃഷി പദ്ധതി, കേന്ദ്ര സർക്കാരിന്റെ PMMSY പദ്ധതി എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. 2025-26 വർഷം മത്സ്യകൃഷിയിലൂടെയുള്ള മത്സ്യോല്പാദനം 34189 മെട്രിക് ടണ്ണാണ്. ഇത്തരത്തിൽ 2020-21 വർഷത്തെ ആകെ ഉൾനാടൻ മത്സ്യോല്പാദനമായിരുന്ന 224495 മെട്രിക് ടൺ 2025-26 വർഷം302733മെട്രിക് ടണ്ണാക്കി ഉയർത്തുവാൻ സാധിച്ചിട്ടുണ്ട്.

ഉൾനാടൻ മേഖലയിൽ നടപ്പിലാക്കിയിട്ടുള്ള പ്രധാന പദ്ധതികൾ

1. ജനകീയ മത്സ്യകൃഷി പദ്ധതികൾ

2. പ്രധാനമന്ത്രി മത്സ്യസമ്പദ യോജന പദ്ധതി (കേന്ദ്രാവിഷ്കൃത പദ്ധതി)

മേൽ പദ്ധതികൾ നടപ്പിലാക്കിയതുവഴി സംസ്ഥാനത്തെ മത്സ്യോത്പാദനം ഏകദേശം സുസ്ഥിരമായി നിലനിർത്തികൊണ്ടു പോകുന്നതിന് സഹാകയമായിട്ടുണ്ട്. സംസ്ഥാനത്തെ മത്സ്യ ഉല്പാദനത്തിന്റെ കഴിഞ്ഞ 10 വർഷത്തെ വിവരങ്ങൾ ചുവടെ പട്ടികയിൽ വ്യക്തമാക്കുന്നു.

| Production details (Year wise) | Production in Marine Sector (in lakh MT) | Production in Inland Sector (in lakh MT) | Total (in lakh MT) |
|---|---|---|---|
| 2016-17 | 4.88 | 1.88 | 6.76 |
| 2017-18 | 4.83 | 1.89 | 6.72 |
| 2018-19 | 6.09 | 1.92 | 8.01 |
| 2019-20 | 4.75 | 2.05 | 6.8 |
| 2020-21 | 3.91 | 2.24 | 6.15 |
| 2021-22 | 6.01 | 2.25 | 8.26 |
| 2022-23 | 6.90 | 2.29 | 9.2 |
| 2023-24 | 5.81 | 2.51 | 8.32 |
| 2024-25 | 6.47 | 2.80 | 9.27 |
| 2025-26 | 6.23 | 3.03 | 9.32 |

**(ബി)** മത്സ്യത്തൊഴിലാളികൾക്ക് ന്യായവില ഉറപ്പാക്കുന്നതിനും മത്സ്യവിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിനുമായി മുൻ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

**<u>മറുപടി:</u>**

കേരള സംസ്ഥാനത്ത് മത്സ്യസംഭരണവും ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി **"2021-ലെ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്റ്റ്"** പ്രാബല്യത്തിൽ വന്നിട്ടുള്ളതാകുന്നു. മത്സ്യ സംഭരണവും അടിസ്ഥാനവിലെ നിശ്ചയിക്കുന്നതിനും ഉള്ള നടപടിക്രമങ്ങൾ പ്രസ്തുത ആക്റ്റ് ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

സാഫ് മുഖേന ആരംഭിച്ച ചെറുകിട തൊഴിൽ സംരംഭക യൂണിറ്റുകളിൽ മത്സ്യവിപണന യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന അംഗങ്ങളാണ് ഇതിലെ ഗുണഭോക്താക്കൾ. സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമായി ആണ് സംരംഭങ്ങൾ ആരംഭിച്ചിരിക്കുന്നത്. സാഫിന്റെ കീഴിൽ 72 മത്സ്യവിപണന യൂണിറ്റുകളിലായി 158 മത്സ്യത്തൊഴിലാളി വനിതകൾ പ്രവർത്തിച്ചുവരുന്നു. ഈ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾക്കായി Fish & Fish Processing Groups Category Federation രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു. യൂണിറ്റുകൾ മൽസ്യം ഹാർബറിൽ നിന്നും നേരിട്ട് ശേഖരിച്ചാണ് വിപണനം നടത്തുന്നത്. വിപണനം വർദ്ധിപ്പിക്കുന്നതിനായി Online Marketing & Sales സംവിധാനത്തിലേക്ക് കൊണ്ടുവന്നിട്ടുണ്ട്. Online / Home Delivery, Social media, Instagram, Whatsapp മുഖേന വിൽപ്പന നടത്തിവരുന്നു.

മത്സ്യവിപണന ശ്യംഖല ശക്തിപ്പെടുത്തുന്നത്തിന്റെ ഭാഗമായി മത്സ്യ അനുബന്ധ തൊഴിൽ ചെയ്യുന്ന 5 പേരടങ്ങുന്ന മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ആരംഭിക്കുന്ന ജോയിൻറ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി) കൾക്ക് പ്രവർത്തന മൂലധനമായി പലിശ രഹിത വായ്പ അനുവദിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ ഒരംഗത്തിന് 10000/-രൂപ വീതം (ഒരു ഗ്രൂപ്പിന് 50000/- രൂപ) വരെ പരമാവധി പലിശരഹിത വായ്പയായി അനുവദിക്കുന്നത്. തിരിച്ചടവ് പൂർത്തീകരിക്കുന്ന യൂണിറ്റുകൾക്ക് തുടർ ഘട്ടങ്ങളിൽ ഒരംഗത്തിന് 20000 രൂപ (ഒരു യൂണിറ്റിന് ഒരു ലക്ഷം രൂപ) വരെ പരമാവധി റിവോൾവിംഗ് ഫണ്ട് അനുവദിച്ചിരിക്കുന്നത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ യൂണിറ്റുകൾ **5.55** കോടി രൂപ അനുവദിക്കുകയും ഈ റിവോൾവിംഗ് ഫണ്ട് കൃത്യമായി തിരിച്ചടച്ചതിലൂടെ **30** കോടി രൂപ, തുടർഘട്ടങ്ങളിലായി **cumulate** ആയി റിവോൾവ് ചെയ്തിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് 715 ജെ.എൽ.ജി യൂണിറ്റുകൾക്കായി 357.50 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുണ്ട്.

**(സി)** പ്രസ്തുത തൊഴിലാളികളുടെ ഉപജീവനവും സ്വയംതൊഴിലും പ്രോത്സാഹിപ്പിക്കുന്നതിനായി മുൻ സർക്കാർ ആരംഭിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

**മറുപടി:**

മത്സ്യത്തൊഴിലാളികളുടെ തൊഴിലും ഉപജീവനവും വർദ്ധിപ്പിക്കുന്നതിനായി PMMSY പദ്ധതിയുടെ ഭാഗമായും ക്ലൈമാറ്റ് റെസിലിയന്റ് ഫിഷിംഗ് വില്ലേജ് പദ്ധതിയുടെ ഭാഗമായും കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട മത്സ്യ ഗ്രാമങ്ങളിൽ വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികളും ഉപജീവന പദ്ധതികളും നടപ്പിലാക്കിവരുന്നു. ഇത്തരം പദ്ധതികൾ വഴി തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

SAF (Society for Assistance to Fisherwomen) മത്സ്യത്തൊഴിലാളി കുടുംബത്തിലെ വനിതകളുടെ ഉപജീവനവും സ്വയം തൊഴിലും പ്രോത്സാഹിപ്പിക്കുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയിരുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ചെറുകിട തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ധനസഹായം

2. വർക്കിംഗ് ക്യാപ്പിറ്റൽ റിവോൾവിംഗ് ഫണ്ട് ധനസഹായം

3. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് (JLG) പലിശരഹിത വായ്പ

4. ഒരു കുടുംബം ഒരു ജോലി

5. ടെക്നോളജി ഇംപ്രൂവ്മെന്റ്

6. കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകൾ

7. സീ ഫുഡ് റസ്റ്റാറന്റ് പദ്ധതി

8.ഹൈജീനിക് റഫ്രീജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്ക്

9. തീര മാവേലി

10. ഗ്രാജുവേറ്റിംഗ് ആക്റ്റിവിറ്റ് ഗ്രൂപ്പ് ടു ബിസിനസ്സ് ഗ്രൂപ്പ് (പലിശ സബ്സിഡി)

11. കമ്മ്യൂണിറ്റി വെൽനസ്സ് ഇന്റർവെൻഷൻ

12. ബ്രാന്റിംഗ് ആന്റ് മാർക്കറ്റിംഗ്

മുൻ സർക്കാരിന്റെ കാലത്ത്  ഉപജീവനവും സ്വയം തൊഴിലും പ്രോത്സാഹിപ്പിക്കുന്നതിനായി മത്സ്യഫെഡ് വഴി നടപ്പിലാക്കിയിരുന്ന പദ്ധതികൾ.

(1) ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി സഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി).

(2) ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി) /ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടു കൂടിയുള്ള വായ്പാ പദ്ധതികൾ

(എ) മൈക്രോഫിനാൻസ്

(ബി) ടേം വായ്പകൾ

(3) മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പ പദ്ധതി

(4) നാടൻ വള്ളങ്ങളുടെ നവീകരണവും, വലകൾക്കുമുള്ള സബ്സിഡി

(5) മത്സ്യത്തൊഴിലാളികളുടെ വായ്പയിന്മേൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.

(6) മത്സ്യഫെഡ് മത്സ്യബന്ധന ഉപകരണ സുരക്ഷാ പദ്ധതി

(7) സഹകരണ സംഘങ്ങളുടെ ശാക്തീകരണ പദ്ധതി

(8) ലോൺ ഡിസ്പൂസ് റിലീഫ് സ്കീം (LDRS)

(9) എഫ്.എഫ്.പി.ഒ പദ്ധതി

(10) പ്രധാൻ മന്ത്രി മത്സ്യ കിസാൻ സമൃദ്ധി സഹ് യോജന പദ്ധതി (PK-KSSY)

(11) മണ്ണെണ്ണ എഞ്ചിൻ - പെട്രോൾ എഞ്ചിനുകളിലേക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള സബ്സിഡി

(12) മണ്ണെണ്ണ എഞ്ചിൻ മാറ്റി പകരം എൽ.പി.ജി എഞ്ചിനാക്കുന്നതിനുള്ള പദ്ധതി - സബ്സിഡി

(13) മണ്ണെണ്ണ എഞ്ചിനിൽ നിന്ന് പെട്രോൾ എഞ്ചിനിലേക്ക് മാറുന്ന, പെർമിറ്റുള്ള മത്സ്യത്തൊഴിലാളി ഗുണഭോക്താക്കൾക്ക് - പെട്രോൾ സബ്സിഡി

(14) വെള്ള മണ്ണെണ്ണ സബ്സിഡി

(15) മത്സ്യഫെഡിന് കീഴിൽ പ്രവർത്തിക്കുന്ന മത്സ്യബന്ധന വലകൾ, നൂലുകൾ, മത്സ്യമൂല്യ വർദ്ധിത ഉല്പന്നങ്ങൾ എന്നിവ ഉണ്ടാക്കുന്നതിനുള്ള ഫാക്ടറികൾ, ഔട്ബോർഡ് എഞ്ചിനുകൾ, അവയുടെ സ്പെയർ പാട്സുകൾ എന്നിവ ഇറക്കുമതി ചെയ്തു വില്പന നടത്തുന്നതിനുള്ള യൂണിറ്റുൾ, സ്ഥിര മത്സ്യ വിപണന മാർട്ടുകൾ (Stationary Fish Marts) സഞ്ചരിക്കുന്ന മത്സ്യവിപണന യൂണിറ്റുകൾ (Mobile fish marts), sea food cafe - കൾ, മത്സ്യവല ഉല്പാദന യൂണിറ്റുകൾ, ഇന്ധന വില്പന ശാലകൾ, വ്യാസാ സ്റ്റോറുകൾ, എന്നിവയും മത്സ്യത്തൊഴിലാളികൾക്ക് ഏറെ ഗുണപ്രദമാണ്.

ഇതിനു പുറമെ PMMSY പദ്ധതി പ്രകാരം 9 തീരദേശ ഗ്രാമങ്ങളെ മോഡൽ ഫിഷിംഗ് വില്ലേജ് ആക്കുന്നതിനുള്ള പദ്ധതിയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ, ചെല്ലാനം നായരമ്പലം, എടക്കഴിയൂർ, താനൂർ, പൊന്നാനി, ചാലിയം, ചാലിൽ ഗോപാൽപേട്ട, ഷിറിയ തുടങ്ങിയ മത്സ്യഗ്രാമങ്ങളിലായി മത്സ്യത്തൊഴിലാളികൾക്കാവശ്യമായ അടിസ്ഥാന സൗകര്യ വികസന പദ്ധതികളും ഉപജീവന പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

സംരംഭകത്വ പദ്ധതികളായ ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം, ഒരു കുടുംബം ഒരു ജോലി, സീ ഫുഡ് റസ്സ്റ്റോറന്റ് പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് അച്ചീവ്മെന്റ് മോട്ടീവേഷൻ ട്രെയ്നിംഗ്, മാനേജ്മെന്റ് ട്രെയ്നിംഗ്, ബുക്ക് കീപ്പിംഗ് & അക്കൗണ്ടിംഗ് ട്രെയിനിംഗ് തുടങ്ങിയവയും സംരംഭം നല്ലരീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നതിനാവശ്യമായ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് വിവിധതരത്തിലുള്ള സ്കിൽ ട്രെയ്നിംഗുകളും

നൽകിയിട്ടുണ്ട്. സാഫ് ആക്ടിവിറ്റി ഗ്രൂപ്പംഗങ്ങൾക്ക് ആവശ്യമായ വിവിധ പരിശീലനങ്ങൾ നൽകുന്നതിന്റെ ഭാഗമായി സാഫ് ആക്ടിവിറ്റി ഗ്രൂപ്പ്സ് അപ്പെക്സ് ഫെഡറേഷൻറെ കീഴിൽ 2025 ഡിസംബർ മാസം Centre for Incubation & Training (CIT) എന്ന ഒരു ഡിവിഷൻ ആരംഭിച്ചു. സാഫ് ആക്ടിവിറ്റി ഗ്രൂപ്പ്സ് അപ്പെക്സ് ഫെഡറേഷന്റെ ഉത്തരവാദിത്വത്തിലാണ് CIT ന്റെ പ്രവർത്തനം. പ്രവർത്തനത്തിന്റെ ആദ്യഘട്ടമായി സാഫ് സംരംഭകർക്കായി വിവിധ സ്കിൽ ട്രെയിനിംഗുകൾ CIT മുഖേന സംഘടിപ്പിച്ചിട്ടുണ്ട്. ഇതുവഴി Tailoring Embroidery Aariwork Training, Digital marketing training, Micro Blading Training, Food and Food Processing, AI based Photoshop Training, Machine repairing, value added Fish Processing, Dress Cutting & Pattern Making, Juice Making Training, Online Business Training എന്നീ പരിശീലനങ്ങൾ യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്. വിവിധ ഗ്രൂപ്പുകളിലെ 244 ഗുണഭോക്താക്കൾ പരിശീലനത്തിൽ പങ്കെടുത്തിട്ടുണ്ട്. അഭ്യസ്തവിദ്യരായ യുവജനങ്ങൾക്കായി 8 മാസക്കാല യളവിലുള്ള അക്വാകൾച്ചർ പരിശീലന പരിപാടി ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ട്രെയിനിംഗ്) മുഖേന നടത്തി വരുന്നുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് 34 പരിശീലനാർത്ഥികൾക്ക് വിവിധ ഹാച്ചറി/ ഫാമുകളിലായി പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ 118 സ്രാങ്കുമാർക്ക് കൊച്ചി CIFNET ൽ വെച്ച് പരിശീലനം നൽകിയിട്ടുണ്ട്.

മത്സ്യകൃഷിയിലൂടെയുള്ള മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ വ്യക്തികളെ മത്സ്യകൃഷിയിലേക്ക് ആകർഷിക്കുന്നതിനുമായി വിവിധ വിഭാഗങ്ങളിലായി മത്സ്യകർഷകക അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിൽ നൂതനാശയങ്ങൾ പ്രാവർത്തികമാക്കുന്ന നവസംരംഭ ക്കാർക്ക് അവാർഡ് നൽകി വരുന്നു. ആയത് കൂടുതൽ യുവജനങ്ങളെ മത്സ്യകൃഷിയിലേക്ക് കൊണ്ട് വരുന്നതിനു സഹായകമായിട്ടുണ്ട്.

**(ഡി)** മത്സ്യമേഖലയിൽ യുവജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി മുൻ സർക്കാർ നടപ്പിലാക്കിയ പരിശീലന, സംരംഭകത്വ പദ്ധതികളുടെ വിശദാംശം നൽകാമോ?

**<u>മറുപടി:</u>**

മത്സ്യത്തൊഴിലാളികളുടെ തൊഴിലും ഉപജീവനവും വർദ്ധിപ്പിക്കുന്നതിനായി PMMSY പദ്ധതിയുടെ ഭാഗമായും ക്ലൈമറ്റ് റെസിലിയന്റ് ഫിഷിംഗ് വില്ലേജ് പദ്ധതിയുടെ ഭാഗമായും കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട മത്സ്യ ഗ്രാമങ്ങളിൽ വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികളും ഉപജീവന പദ്ധതികളും നടപ്പിലാക്കിവരുന്നു. ഇത്തരം പദ്ധതികൾ വഴി തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

SAF (Society for Assistance to Fisherwomen) മത്സ്യത്തൊഴിലാളി കുടുംബത്തിലെ വനിതകളുടെ ഉപജീവനവും സ്വയം തൊഴിലും പ്രോത്സാഹിപ്പിക്കുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയിരുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ചെറുകിട തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ധനസഹായം

2. വർക്കിംഗ് ക്യാപ്പിറ്റൽ റിവോൾവിംഗ് ഫണ്ട് ധനസഹായം

3. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് (JLG) പലിശരഹിത വായ്പ

4. ഒരു കുടുംബം ഒരു ജോലി

5. ടെക്നോളജി ഇംപ്രൂവ്മെന്റ്

6. കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകൾ

7. സീ ഫുഡ് റസ്റ്റോറന്റ് പദ്ധതി

8.ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്ക്

9. തീര മാവേലി

10. ഗ്രാജുവേറ്റിംഗ് ആക്ടിവിറ്റ് ഗ്രൂപ്പ് ടു ബിസിനസ്സ് ഗ്രൂപ്പ് (പലിശ സബ്സിഡി)

11. കമ്മ്യൂണിറ്റി വെൽനസ്സ് ഇന്റർവെൻഷൻ

12. ബ്രാന്റിംഗ് ആന്റ് മാർക്കറ്റിംഗ്

മുൻ സർക്കാരിന്റെ കാലത്ത് ഉപജീവനവും സ്വയം തൊഴിലും പ്രോത്സാഹിപ്പിക്കുന്നതിനായി മത്സ്യഫെഡ് വഴി നടപ്പിലാക്കിയിരുന്ന പദ്ധതികൾ.

(1) ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി സഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി).

(2) ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി) /ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടു കൂടിയുള്ള വായ്പാ പദ്ധതികൾ

(എ) മൈക്രോഫിനാൻസ്

(ബി) ടേം വായ്പകൾ

(3) മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പ പദ്ധതി

(4) നാടൻ വള്ളങ്ങളുടെ നവീകരണവും, വലകൾക്കുമുള്ള സബ്സിഡി

(5) മത്സ്യത്തൊഴിലാളികളുടെ വായ്പയിന്മേൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.

(6) മത്സ്യഫെഡ് മത്സ്യബന്ധന ഉപകരണ സുരക്ഷാ പദ്ധതി

(7) സഹകരണ സംഘങ്ങളുടെ ശാക്തീകരണ പദ്ധതി

(8) ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം (LDRS)

(9) എഫ്.എഫ്.പി.ഒ പദ്ധതി

(10) പ്രധാൻ മന്ത്രി മത്സ്യ കിസാൻ സമൃദ്ധി സഹ് യോജന പദ്ധതി (PK-KSSY)

(11) മണ്ണെണ്ണ എഞ്ചിൻ - പെട്രോൾ എഞ്ചിനുകളിലേക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള സബ്സിഡി

(12) മണ്ണെണ്ണ എഞ്ചിൻ മാറ്റി പകരം എൽ.പി.ജി എഞ്ചിനാക്കുന്നതിനുള്ള പദ്ധതി - സബ്സിഡി

(13) മണ്ണെണ്ണ എഞ്ചിനിൽ നിന്ന് പെട്രോൾ എഞ്ചിനിലേക്ക് മാറുന്ന, പെർമിറ്റുള്ള മത്സ്യത്തൊഴിലാളി ഗുണഭോക്താക്കൾക്ക് - പെട്രോൾ സബ്സിഡി

(14) വെള്ള മണ്ണെണ്ണ സബ്സിഡി

(15) മത്സ്യഫെഡിന് കീഴിൽ പ്രവർത്തിക്കുന്ന മത്സ്യബന്ധന വലകൾ, നൂലുകൾ, മത്സ്യമൂല്യ വർദ്ധിത ഉല്പന്നങ്ങൾ എന്നിവ ഉണ്ടാക്കുന്നതിനുള്ള ഫാക്ടറികൾ, ഔട്ബോർഡ് എഞ്ചിനുകൾ, അവയുടെ സ്പെയർ പാട്സുകൾ എന്നിവ ഇറക്കുമതി ചെയ്ത് വില്പന നടത്തുന്നതിനുള്ള യൂണിറ്റുകൾ, സ്ഥിര മത്സ്യ വിപണന മാർട്ടുകൾ (Stationary Fish Marts) സഞ്ചരിക്കുന്ന മത്സ്യവിപണന യൂണിറ്റുകൾ (Mobile fish marts), sea food cafe - കൾ, മത്സ്യവല ഉല്പാദന യൂണിറ്റുകൾ, ഇന്ധന വില്പന ശാലകൾ, വ്യാസാ സ്റ്റോറുകൾ, എന്നിവയും മത്സ്യത്തൊഴിലാളികൾക്ക് ഏറെ ഗുണപ്രദമാണ്.

ഇതിനു പുറമെ PMMSY പദ്ധതി പ്രകാരം 9 തീരദേശ ഗ്രാമങ്ങളെ മോഡൽ ഫിഷിംഗ് വില്ലേജ് ആക്കുന്നതിനുള്ള പദ്ധതിയും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ, ചെല്ലാനം നായരമ്പലം, എടക്കഴിയൂർ, താനൂർ, പൊന്നാനി, ചാലിയം, ചാലിൽ ഗോപാൽപേട്ട, ഷിറിയ തുടങ്ങിയ മത്സ്യഗ്രാമങ്ങളിലായി മത്സ്യത്തൊഴിലാളികൾക്കാവശ്യമായ അടിസ്ഥാന സൗകര്യ വികസന പദ്ധതികളും ഉപജീവന പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

സംരംഭകത്വ പദ്ധതികളായ ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം, ഒരു കുടുംബം ഒരു ജോലി, സീ ഫുഡ് റസ്റ്റോറന്റ് പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് അച്ചീവ്മെന്റ് മോട്ടിവേഷൻ ട്രെയിനിംഗ്, മാനേജ്മെന്റ് ട്രെയിനിംഗ്, ബുക്ക് കീപ്പിംഗ് & അക്കൗണ്ടിംഗ് ട്രെയിനിംഗ് തുടങ്ങിയവയും സംരംഭം നല്ലരീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നതിനാവശ്യമായ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് വിവിധതരത്തിലുള്ള സ്കിൽ ട്രെയിനിംഗുകളും നൽകിയിട്ടുണ്ട്. സാഫ് ആക്ടിവിറ്റി ഗ്രൂപ്പംഗങ്ങൾക്ക് ആവശ്യമായ വിവിധ പരിശീലനങ്ങൾ നൽകുന്നതിന്റെ ഭാഗമായി സാഫ് ആക്ടിവിറ്റി ഗ്രൂപ്പ്സ് അപ്പെക്സ് ഫെഡറേഷൻറെ കീഴിൽ 2025 ഡിസംബർ മാസം Centre for Incubation & Training (CIT) എന്ന ഒരു ഡിവിഷൻ ആരംഭിച്ചു. സാഫ് ആക്ടിവിറ്റി ഗ്രൂപ്പ്സ് അപ്പെക്സ് ഫെഡറേഷന്റെ ഉത്തരവാദിത്വത്തിലാണ് CIT ന്റെ പ്രവർത്തനം. പ്രവർത്തനത്തിന്റെ ആദ്യഘട്ടമായി സാഫ് സംരംഭകർക്കായി വിവിധ സ്കിൽ ട്രെയിനിംഗുകൾ CIT

മുഖേന സംഘടിപ്പിച്ചിട്ടുണ്ട്. ഇതുവഴി Tailoring Embroidery Aariwork Training, Digital marketing training, Micro Blading Training, Food and Food Processing, AI based Photoshop Training, Machine repairing, value added Fish Processing, Dress Cutting & Pattern Making, Juice Making Training, Online Business Training എന്നീ പരിശീലനങ്ങൾ യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്. വിവിധ ഗ്രൂപ്പുകളിലെ 244 ഗുണഭോക്താക്കൾ പരിശീലനത്തിൽ പങ്കെടുത്തിട്ടുണ്ട്. അഭ്യസ്തവിദ്യരായ യുവജനങ്ങൾക്കായി 8 മാസക്കാല ദൈർഘ്യമുള്ള അക്വാകൾച്ചർ പരിശീലന പരിപാടി ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ട്രെയിനിംഗ്) മുഖേന നടത്തി വരുന്നുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് 34 പരിശീലനാർത്ഥികൾക്ക് വിവിധ ഹാച്ചറി/ഫാമുകളിലായി പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ 118 സ്രാങ്കുമാർക്ക് കൊച്ചി CIFNET ൽ വെച്ച് പരിശീലനം നൽകിയിട്ടുണ്ട്.

മത്സ്യകൃഷിയിലൂടെയുള്ള മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ വ്യക്തികളെ മത്സ്യകൃഷിയിലേക്ക് ആകർഷിക്കുന്നതിനുമായി വിവിധ വിഭാഗങ്ങളിലായി മത്സ്യകർഷകക അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിൽ നൂതനാശയങ്ങൾ പ്രാവർത്തികമാക്കുന്ന നവസംരംഭ ക്ലർക്ക് അവാർഡ് നൽകി വരുന്നു. ആയത് കൂടുതൽ യുവജനങ്ങളെ മത്സ്യകൃഷിയിലേക്ക് കൊണ്ട് വരുന്നതിനു സഹായകമായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**